LIBRARY ARCHIVES Kerala Legislative Assembly

പെരുവന്താനം പി.എച്ച്.സി.-യിലേക്ക് ഉപകരണങ്ങൾ അനുവദിക്കുന്നതിന് നടപടി

109 [929] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവന്താനം പി.എച്ച്.സി.-യിലേക്ക് ആശുപത്രി ഉപകരണങ്ങൾ അനുവദിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ആശുപത്രി ഉപകരണങ്ങൾ അനുവദിച്ചുവെന്നും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ആവശ്യമായ ഉപകരണങ്ങൾ ഫർണിച്ചറുകൾ മുതലായവ എന്നത്തേക്ക് നൽകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഒരു ബി.പി. അപ്പാരറ്റസ്, അഞ്ച് കത്രികകൾ എന്നിവ അനുവദിച്ചിട്ടുണ്ട്. മറ്റുപകരണങ്ങൾ ലഭ്യതയ്ക്കനുസരിച്ച് അനുവദിക്കുന്നതാണ്.

(ഡി) ഇനി ലഭ്യമാക്കേണ്ട റഫ്രിജറേറ്റർ, എക്സാമിനേഷൻ ടേബിൾ, മെറ്റേണിറ്റി ടേബിൾ, സ്റ്റൂ എന്നിവ ഏതാനും മാസങ്ങൾക്കുള്ളിൽ വിതരണം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഫർണിച്ചർ സംബന്ധിച്ച നിർദ്ദേശം ലഭിച്ചിട്ടില്ല.

പി.എച്ച്.സി., സി.ഡി.എസ്. എന്നീ സ്ഥാപനങ്ങളിലെ സ്റ്റാഫുകളുടെ അപര്യാപ്തത

110 [931] ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ വല്ലന പി.എച്ച്.സി., കോയിപ്രം പി.എച്ച്.സി., അയിരൂർ കാഞ്ഞിറ്റുകര സി.ഡി.എസ്. എന്നിവിടങ്ങളിൽ സ്റ്റാഫിന്റെയും ഡോക്ടർമാരുടെയും കുറവ് ആശുപത്രിയുടെ പ്രവർത്തനത്തെയും രോഗികളുടെ ചികിത്സയേയും പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവിടെ ഡോക്ടർമാരേയും സ്റ്റാഫിനേയും എന്നത്തേക്ക് നിയമിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?